കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് 2018 നവംബർ 1 വ്യാഴം

കാസർകോട്

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## മന്ത്രി ഇ.ചന്ദ്രശേഖൻ ജില്ലയിൽ

റവന്യു മന്ത്രി ഇ.ചന്ദ്രശേഖൻ ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. നാളെ(നവംബർ മൂന്ന്) രാവിലെ 10.30ന് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയുടെ കെഎച്ച്ആർഡബ്ല്യുഎസ് ലാബ് ഉദ്ഘാടനം, 11ന കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി വികസന യോഗം, വൈകിട്ട് മൂന്നിന് കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷനിൽ ക്ഷേത്രപ്രവേശന വിളംബര വാർഷിക സംഘാടക സമിതി രൂപീകരണയോഗം, നാലാം തീയതി രാവിലെ 10ന് പടന്നക്കാട് കാർഷിക കോളജിൽ കാർഷിക വിജ്ഞാന വ്യാപന സേവന ഡിപ്ലോമ പരിശീലന പരിപാടി, 11ന് ചായോം സ്വയംപര്യാപ്ത ഗ്രാമം ഉദ്ഘാടനം, ഉച്ചയ്ക്ക് 12ന് ചായോം സ്കൂൾ പരിസരത്ത് ലഹരിവിരുദ്ധ സിനിമ ചിത്രീകരണം എന്നി പരിപാടികളിൽ മന്ത്രി പങ്കെടുക്കും.

## ജില്ലാ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റിയാക്കൽ; കൂടിയാലോചന യോഗം നാളെ

ജില്ലാ പഞ്ചായത്തിന് കീഴിൽ കാഞ്ഞങ്ങാട് ചെമ്മട്ടംവയലിൽ പ്രവർത്തിച്ച് വരുന്ന ജില്ലാ ആശുപത്രിയെ സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തി കൊണ്ടു വരുന്നതിനുള്ള ദൗത്യത്തിന് ജില്ലാ പഞ്ചായത്ത് നേതൃത്വം നൽകാനൊരുങ്ങുന്നു. ജില്ലാ ആശുപത്രിയെ പൊതുജനാരോഗ്യ രംഗത്ത് മികവിന്റെ പര്യായമാക്കുകയെന്നെ ലക്ഷ്യം പൂർത്തീകരിക്കാൻ കൂട്ടായ ശ്രമങ്ങളിലൂടെ നമുക്ക് സാധിക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എജിസി ബഷീർ പറഞ്ഞു.

പൊതുജനങ്ങളുടേയും, സർക്കാർ, സർക്കാരിതര ഏജൻസികളുടേയും സഹായം നമുക്ക് ഇതിനായി തേടേണ്ടതുണ്ട്. നിലവിൽ ആശുപത്രിയിൽ പൊതുജനങ്ങൾക്ക് ലഭിച്ച് കൊണ്ടിരിക്കുന്ന സൗകര്യങ്ങൾക്ക് പുറമെ വിവിധ ചികിത്സാ വിഭാഗങ്ങളിലായി മികച്ച ചികിത്സാ സൗകര്യങ്ങളും, രോഗീപരിചരണവും സൂപ്പർ സ്പെഷ്യാലിറ്റിയിലൂടെ നമുക്ക് പൊതുജനങ്ങൾക്കായി ഏർപ്പെടുത്താൻ സാധിക്കണം. വിവിധ ചികിത്സാ വിഭാഗങ്ങളിലായി ഏറ്റവും മികച്ച സൗകര്യങ്ങൾ പൊതുജനങ്ങൾക്കായി ഒരുക്കുന്നതിനുള്ള ഒരു വിശദമായ മാസ്റ്റർപ്ലാൻ തയ്യാറാക്കപ്പെടേണ്ടതുണ്ട്. ജില്ലാ ആശുപത്രിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കൊണ്ടുള്ള പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടമെന്ന നിലയിൽ ഒരു പ്രാഥമിക കൂടിയാലോചന യോഗം കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി കോൺഫറൻസ് ഹാളിൽ നാളെ(നവംബർ 3) രാവിലെ 10.30 മണിക്ക് നടക്കും. മന്ത്രി ഇ.ചന്ദ്രശേഖരൻ യോഗത്തിൽ പങ്കെടുക്കും.

## കേരള നവോത്ഥാനത്തിന്റെ അടിസ്ഥാനം യുക്തിചിന്തയെന്ന്

കേരളീയ നവോത്ഥാനത്തിന്റെ അടിസ്ഥാനം യുക്തിചിന്തയാണെന്നും അതിനെതിരേ നമുക്ക് പ്രയോജനപ്പെടുത്താൻ സാധിക്കുന്ന ആയുധം ചരിത്രമാണെന്നും എതിർദിശ സുരേഷ് പറഞ്ഞു.കേരള പിറവിയുടെ 62-ാം വാർഷികദിനാചരണത്തിന്റെ ഭാഗമായി കാസർകോട് കളക്ടറേറ്റ് സ്റ്റാഫ് കൗൺസി

(തുടരും)

ലിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'കേരളം: ചരിത്ര സഞ്ചാരങ്ങളിലൂടെ' എന്ന പരിപാടിയിൽ വിഷയാവതരണം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. ചരിത്രത്തിന്റെ പരിണാമ പ്രക്രിയകളുടെ തുടർച്ചയിലെ ചെറിയൊരു കണ്ണികൾ മാത്രമാണ് വർത്തമാന സമൂഹം. നിലവിലെ യാഥാർത്ഥ്യം മാത്രമാണ് ചരിത്രമെന്ന മിഥ്യാബോധം അപകടരമാണ്. കാലചക്രങ്ങളിലൂടെ വികസിക്കപ്പെട്ട മനുഷ്യ സമൂഹം പല കലർപ്പുകളുടെ ആകെത്തുകയായതിനാൽ തനിമാ വാദവും ശുദ്ധവാദവും സംശയലേശമന്യെ റദ്ദു ചെയ്യപ്പെടുന്നുവെന്നും അദ്ദേഹം പറഞ്ഞു. മതിലുകൾ സൃഷ്ടിച്ച അബോധത്തെ മഹാപ്രളയം വേരോടെ പിഴുതെറിഞ്ഞതായി അദ്ദേഹം ചൂണ്ടിക്കാട്ടി.

മാതൃഭാഷ കേവലം വൈകാരിക വിഷയമെന്നതിലുപരി ഒരു ജനതയുടെ ആശയ സ്വാംശീകരണത്തിനുള്ള ഉപാധികൂടിയാണ്. ആധുനിക ലോകക്രമത്തിൽ മികച്ച ശാസ്ത്രജ്ഞരുണ്ടാവുന്നത് മാതൃഭാഷയിൽ പഠനം നടത്തുന്ന രാജ്യങ്ങളിലാണെന്നും അതിനാൽ മാതൃഭാഷയ്ക്ക് വൈജ്ഞാനികതലങ്ങിലും വളരെയേറെ പ്രസക്തിയുണ്ടെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ ഡെപ്യൂട്ടി കളക്ടർമാരായ കെ. രവികുമാർ, എ.കെ. രമേശൻ, എ. ഉണ്ണികൃഷ്ണൻ, ഫിനാൻസ് ഓഫിസർ കെ. സതീഷൻ, ഇൻഫർമേഷൻ ഓഫിസർ പി. റഷീദ് ബാബു, സ്റ്റാഫ് കൗൺസിൽ വൈസ് പ്രസിഡന്റ് എൻ. മണിരാജ് തുടങ്ങിയവർ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ്:- കളക്ടറേറ്റ്:-

കാസർകോട് കളക്ടറേറ്റ് സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സെമിനാറിൽ എതിർദിശ സുരേഷ് സംസാരിക്കുന്നു.

## ദേശീയ പോഷകാഹാര വാരാചരണ പരിപാടി സമാപിച്ചു

വനിത ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ ഒരാഴ്ച നീണ്ടു നിന്ന ദേശീയ പോഷകാഹാര വാരാചരണ പരിപാടിക്ക് ജില്ലയിൽ സമാപനമായി. ഡിപിസി ഹാളിൽ നടന്ന സമാപന സമ്മേളനം ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പ് ഉദ്ഘാടനംചെയ്തു.ചടങ്ങിൽ ജില്ലാപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ചെയർപേഴ്സൺ അഡ്വ എ.പി ഉഷ അധ്യക്ഷയായി. സമാപന സമ്മേളനത്തോടനുബന്ധിച്ച് കൗമാര പ്രായക്കാരായ ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കുമായി ജില്ലാതല സമീകൃതാഹാര പ്രദർശന മത്സരവും സംഘടിപ്പിച്ചു. നാടൻ പഴങ്ങൾ പച്ചക്കറികൾ ഇലക്കറികൾ പയറുവർഗങ്ങൾ എന്നിവ ഉപയോഗിച്ചായിരുന്നു വിഭവങ്ങൾ തയ്യാറാക്കേണ്ടത്.

മത്സരത്തിൽ കാസർകോട് ഐസിഡിഎസിലെ വി എം വൈഷ്ണവി ഒന്നാം സ്ഥാനവും കാസർകോട് അഡീഷണൽ ഐസിഡിഎസിലെ നേഹ റഫീക്ക് രണ്ടാം സ്ഥാനവും കാഞ്ഞങ്ങാട് ഐസിഡിഎസിലെ വിജിത മൂന്നാം സ്ഥാനവും നേടി. വിജയികൾക്കുള്ള സർട്ടിഫിക്കറ്റും ട്രോഫികളും ശാന്തമ്മ ഫിലിപ്പ് വിതരണം ചെയ്തു. പരിപാടിയുടെ ഭാഗമായി ഫാസ്റ്റ് ഫുഡിന്റെ ഉപയോഗവും ജീവിത ശൈലി രോഗങ്ങളും എന്നിവയെ സംബന്ധിച്ച് സെമിനാറും സംഘടിപ്പിച്ചു. ജില്ലാ സാമൂഹികനീതി ഓഫീസർ ഡീനാ ഭരതൻ , ജില്ലാ ശിശു സംരക്ഷണ ഓഫീസർ പി ബിജു , ഉഷാകുമാരി രാമായി എന്നിവർ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ് : ശാന്തമ്മ ഫിലിപ്പ്:-

ദേശീയ പോഷകാഹാര വാരാചരണത്തോട് അനുബന്ധിച്ച് ഡിപിസി ഹാളിൽ നടന്ന ജില്ലാതല സമീകൃതാഹാര പ്രദർശനവും സെമിനാറും ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു.

## അക്ഷരലക്ഷം സാക്ഷരതാ സർട്ടിഫിക്കറ്റുകൾ

## വിതരണം ചെയ്തു

സംസ്ഥാന സാക്ഷരതാമിഷൻ നടത്തിയ നിരക്ഷരതാ നിർമ്മാർജ്ജന പദ്ധതിയായ അക്ഷരലക്ഷം പദ്ധതിയിൽ വിജയിച്ചവരുടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സർഫിക്കറ്റ് വിതരണോദ്ഘാടനം മുളിയാർ ഗ്രാമപഞ്ചായത്തിൽ നടന്ന ചടങ്ങിൽ ഗോപാലൻ (68), ആസ്യമ്മ(70) എന്നീ പഠിതാക്കൾക്ക് നൽകി കെ.കുഞ്ഞിരാമൻ എം.എൽ.എ നിർവഹിച്ചു.മുളിയാർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഖാലിദ് ബെള്ളിപ്പാടി അധ്യക്ഷനായി. ജില്ലാ കോ-ഓർഡിനേറ്റർ ഷാജു ജോൺ പദ്ധതി വിശദീകരിച്ചു.

(തുടരും)

പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഗീത ഗോപാലൻ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ കെ.പ്രഭാകരൻ, മെമ്പർമാരായ അനീസ മൻസൂർ, പി.ബാലകൃഷ്ണൻ,മിനി.പി.വി,ശോഭ പയോലം,കെ.സുരേന്ദ്രൻ സാക്ഷരതാസമിതി അംഗങ്ങളായ കെ.വി.രാഘവൻ മാസ്റ്റർ,രാജൻ പോയിനാച്ചി,വേണുകുമാർ ,പ്രേരക്മാരായ എ.തങ്കമണി,പുഷ്പലത.വി എന്നിവർ സംസാരിച്ചു.

കാസർകോട് നഗരസഭയിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ നൈമൂന്നീസ,ബെള്ളൂർ പഞ്ചായത്തിൽ പ്രസിഡന്റ് കെ.ഗീത,ബളാലിൽ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ മിനി മാത്യു, ദേലംപാടിയിൽ പഞ്ചായത്ത് പ്രസിഡന്റ് മുസ്തഫ, മുക്കുഴി വിദ്യാകേന്ദ്രത്തിൽ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ കെ.രൂപേഷ്, പള്ളിക്കരെ ഗ്രാമ പഞ്ചായത്തിൽ പി.ഇന്ദിര,പൈവളികെ പഞ്ചായത്തിൽ പ്രസിഡണ്ട് ഭാരതിഷെട്ടി, കാഞ്ഞങ്ങാട് നഗരസഭ അതിയാമ്പൂർ തുടർ വിദ്യാകേന്ദ്രത്തിൽ ചെയർമാൻ ഇ.വി രമേശൻ, നീലേശ്വരം നഗരസഭയിൽ ചെയർമാൻ പി.ജയരാജന്റെ അധ്യക്ഷതയിൽ സ്വാതന്ത്ര്യ സമര സേനാനി കെ.ആർ.കണ്ണൻ എന്നിവരും സർഫിക്കറ്റുകൾ വിതരണം ചെയ്തു.

**ഫോട്ടോ അടിക്കുറിപ്പ്:- ലിറ്ററസി:-** സംസ്ഥാന സാക്ഷരതാമിഷൻ നടത്തിയ അക്ഷരലക്ഷം പദ്ധതിയിൽ വിജയിച്ചവരുടെ സർട്ടിഫിക്കറ്റ് വിതരണം കെ.കുഞ്ഞിരാമൻ എം.എൽ.എ നിർവഹിക്കുന്നു.

## മത്സ്യഫെഡ് ജില്ലാ ഓഫീസ് ശിലാസ്ഥാപനം

കാസർകോട് കസബ ബീച്ചിലുള്ള മത്സ്യഫെഡിന്റെ ജില്ലാ ഓഫീസ് കെട്ടിടത്തിന്റെ തറക്കല്ലിടൽ മത്സ്യഫെഡ് ചെയർമാൻ പി.പി.ചിത്തരഞ്ജൻ നിർവ്വഹിച്ചു. മത്സ്യഫെഡ് ഭരണസമിതി അംഗം കാറ്റാടി കുമാരൻ, മത്സ്യഫെഡ് ജില്ലാ മാനേജർ കെ.വനജ, ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർ രജിത, മത്സ്യ ഫെഡ് ഡെപ്യൂട്ടി ജനറൽ മാനേജർ എൻ.രാംദാസ്, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീകുമാർ, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ സതീഷ്, മത്സ്യഫെഡ് അസിസ്റ്റന്റ് മാനേജർ കെ.എച്ച്.ഷെറീഫ്, ജില്ലയിലെ പ്രാഥമിക സഹകരണ സംഘം പ്രസിഡന്റുമാർ, സംഘം സെക്രട്ടറിമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ്:- ശിലാസ്ഥാപനം:-

കസബ ബീച്ചിലുള്ള മത്സ്യഫെഡിന്റെ ജില്ലാ ഓഫീസ് കെട്ടിടത്തിന്റെ തറക്കല്ലിടൽ മത്സ്യഫെഡ് ചെയർമാൻ പി.പി.ചിത്തരഞ്ജൻ നിർവഹിക്കുന്നു.

## കാർഷിക വിജ്ഞാനവ്യാപന സേവന ഡിപ്ലോമ പരിശീലനം

## മന്ത്രി ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യും

ജില്ലയിൽ വളം-കീടനാശിനി വിൽപന ലൈസൻസുള്ളവർക്കുവേണ്ടി കേന്ദ്ര-കേരള കൃഷിവകുപ്പുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാർഷിക വിജ്ഞാനവ്യാപന സേവന ഡിപ്ലോമ പരിശീലനപരിപാടിയുടെ ഉദ്ഘാടനം നാളെ(നവംബർ 4) രാവിലെ 10ന് പടന്നക്കാട് കാർഷിക കോളേജ് ഓഡിറ്റോറിയത്തിൽ റവന്യൂവകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരൻ നിർവഹിക്കും. എം.രാജഗോപാലൻ എം.എൽ.എ അധ്യക്ഷനാകും.

ഇന്ത്യയുടെ കാർഷിക വികസനത്തിൽ പ്രധാന പങ്കുവഹിക്കുന്ന 2.82 ലക്ഷം വളം-കീടനാശിനി വ്യാപാരികൾ നമ്മുടെ രാജ്യത്തുണ്ട്. കൃഷിക്കാർക്ക് ഒരു കാർഷിക പ്രശ്നം വരുമ്പോൾ ആദ്യമേ അവർ ബന്ധപ്പെടുന്നത് ഇത്തരം വ്യാപാരികളെയാണ്. കാർഷികാവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങുമ്പോൾ അവ ഉപയോഗിക്കേണ്ട വിധത്തെക്കുറിച്ചും മറ്റും കർഷകർ ഈ വ്യാപാരികളോടാണ് സംശയങ്ങൾ ഉന്നയിക്കുന്നത്. ഈ വ്യാപാരികൾക്ക് ഔപചാരികമായ കാർഷിക വിദ്യാഭ്യാസം ഇല്ലാത്തതിനാൽ കൃത്യമായ അറിവുകൾ വ്യക്തതയോടെ നൽകുവാൻ പലപ്പോഴും സാധിക്കാറില്ല. ഇവർക്ക് ഔപചാരികമായ കാർഷികവിദ്യാഭ്യാസം കൊടുക്കുകയാണെങ്കിൽ കാർഷികമേഖലയിലെ പ്രാഥമികമായ വിജ്ഞാനവ്യാപനത്തിൽ തൊഴിൽ വൈദഗ്ദ്ധ്യം (പ്രൊഫഷണലിസം) കൊണ്ടുവരുവാനും ഇത്തരം വസ്തുക്കളുടെ വിവേചനപരമായ ഉപയോഗം കൃഷിയിടത്തിൽ പ്രാവർത്തികമാക്കുവാനും സാധിക്കും.

(തുടരും)

ഈ പശ്ചാത്തലത്തിലാണ് മാനേജ് എന്ന കാർഷിക ഗവേഷണ സ്ഥാപനം ഈ ഡിപ്ലോമാ കോഴ്സ് ആവിഷ്ക്കരിക്കുന്നത്. വ്യാപാരികൾക്ക് ഈ വിദ്യാഭ്യാസ സംരംഭത്തിലൂടെ അവരുടെ അറിവും കഴിവും മെച്ചപ്പെടുത്താനും അങ്ങിനെ അവരുടെ വിജ്ഞാനവ്യാപന പരിപാടികൾ ശക്തിപ്പെടുത്താനും പ്രാദേശികമായ പ്രത്യേകതകൾ അനുസരിച്ച് സാങ്കേതികമായ പിൻബലത്തോടെ പകർന്നുകൊടുക്കാനും കഴിയും. ഒരു വർഷമാണ് ഈ പരിശീലനപരിപാടിയുടെ കാലാവധി.

## ഓവർസിയർ, അക്കൗണ്ടന്റ് കം ഡാറ്റാ

## എൻട്രി ഓപ്പറേറ്റർ ഒഴിവ്

കാഞ്ഞങ്ങാട് നഗരസഭയിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ കരാറടിസ്ഥാനത്തിൽ ഓവർസിയർ, അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ താൽക്കാലിക തസ്തികളിലേക്ക് നിയമനം നടത്തുന്നു. ഓവർസിയറിന് വേണ്ട യോഗ്യത ഗവ:അംഗീകൃത സ്ഥാപനത്തിൽ നിന്നുള്ള സിവിൽഎഞ്ചിനീയർ ഡിപ്ലോമ (മുൻപരിചയം അഭികാമ്യം). അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് ബികോം, പിജിഡിസിഎ പുറമെ ഇംഗ്ലീഷ് മലയാളം ടൈപ്പറേറ്റിംഗ് അഭികാമ്യം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ നവംബർ ഏഴിന് രാവിലെ 11ന് ബയോഡാറ്റ, യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റ് നഗരസഭാ ഓഫീസിൽ കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം. ഫോൺ: 04672 204530

## റീ ടെണ്ടർ പരസ്യം

ചെമ്മനാട് ഗ്രാമ പഞ്ചായത്ത് മഹാത്മാഗാന്ധി ദേശീ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന തലക്ലായി-ആറലോട്ടി റോഡ്-കോൺക്രീറ്റിംഗിന് ആവശ്യമായ സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിനായി റീ ടെണ്ടറുകൾ ക്ഷണിച്ചു. റീ ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി നവംബർ ഒൻപത്. മറ്റു വിശദാംശങ്ങൾ പ്രവർത്തി സമയങ്ങളിൽ പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ: 04994 237276, 235039

## സിഡിറ്റിൽ മാധ്യമ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സർക്കാർ സ്ഥാപനമായ സി-ഡിറ്റിന്റെ കവടിയാർ കേന്ദ്രത്തിൽ വിഷ്വൽ ലീഡിയ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു.

ഡിപ്ലോമ കോഴ്സ് ഇൻ ഡിജിറ്റൽ മീഡിയ പ്രൊഡക്ഷൻ,(ദൈർഘ്യം ആറ് മാസം, വിദ്യാഭ്യാസ യോഗ്യത. പ്ലസ് ടു), ഡിപ്ലോമ ഇൻ വെബ് ഡി,സൈൻ & ഡെലപ്പമെന്റ് (ദൈർഘ്യം ആറു മാസം, വിദ്യഭ്യാസ യോഗ്യത. പ്ലസ് ടു), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ വീഡിയോഗ്രാഫി,( ദൈർഘ്യം മൂന്ന് മാസം, വിദ്യഭ്യാസ യോഗ്യത. പ്ലസ് ടു), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ നോൺ ലീനിയർ എഡിറ്റിംഗ്, (ദൈർഘ്യം. മൂന്ന് മാസം, വിദ്യഭ്യാസ യോഗ്യത. പ്ലസ്ടു.), സർട്ടിഫിക്കറ്റ് കോഴ്സ് ഡിജിറ്റൽ സ്റ്റിൽ ഫോട്ടോഗ്രഫി,( ദൈർഘ്യ. അഞ്ച് ആഴ്ച, വിദ്യഭ്യാസ യോഗ്യത. പ്ലസ്ടു), ദൃശ്യ മാദ്ധ്യമ രംഗത്ത് ഏറെ ജോലി സാദ്ധ്യതയുള്ള ഈ കോഴ്സുകൾക്ക് അപേക്ഷിക്കുനുള്ള അവസാന തീയതി നവംബർ 10 . താൽപര്യമുള്ളവർ തിരുവനന്തപുരം കവടിയാർ ടെന്നീസ് ക്ലബിനു സമീപമുള്ള സി-ഡിറ്റ് കമ്മ്യൂണിക്കേഷൻ കോഴ്സ് ഡിവിഷനുമായി ബന്ധപ്പെടുകം.ഫോൺ. 04712 721917, 8547720167,9447143368.

## അധ്യാപക ഒഴിവ്

ഉപ്പള ഗവ.ഹയർസെക്കന്ററി സ്കൂളിൽ ജീയോളജി (സീനിയർ), കൊമേഴ്സ് (ജൂനിയർ) എന്നി വിഭാഗത്തിൽ അധ്യാപക ഒഴിവുണ്ട്. കൂടിക്കാഴ്ച നവംബർ അഞ്ചിന് രാവിലെ 11 മണിക്ക് സ്കൂൾ ഓഫീസിൽ. ഫോൺ.04998 244032,9961119459.

## ഭരണ ഭാഷാ സമ്മേളനം സംഘടിപ്പിച്ചു

(തുടരും)

കേരള സംസ്ഥാന രൂപീകരണത്തിന്റെ 62-ാം വാർഷിക ദിനത്തിൽ (നവംബർ ഒന്നിന്) കാസറകോട് പ്രിൻസിപ്പൽ കൃഷി ഓഫീസിൽ മലയാള ദിനാഘോഷവും, ഭരണഭാഷാ വാരാചരണത്തിന്റെ ഭാഗമായി ഭരണഭാഷാ സമ്മേളനവും സംഘടിപ്പിച്ചു. പ്രിൻസിപ്പൽ കൃഷി ഓഫീസർ നമ്പീശൻ വിജയേശ്വരിയുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എം.കെ.പ്രകാശൻ സ്വാഗതം പറഞ്ഞു. തുടർന്ന് കൃഷി ഡെപ്യൂട്ടി ഡയറക്ടർ ജോൺ ജോസഫ് ഭരണഭാഷ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അക്കൗണ്ട്സ് ഓഫീസർ വി,സി.മാത്യു ഭരണഭാഷ ഓഫീസ് ഫയലുകളിൽ ഉപയോഗിക്കുന്നത് സംബന്ധിച്ച് പ്രഭാഷണം നടത്തി. ഓഫീസ് ജീവനക്കാരായ എം.ബാബു, സതി.എം, എം.സി സുധാകരൻ എന്നിവർ മലയാള കവിതകൾ ആലപിച്ചു. സുബ്രഹ്മണ്യൻ പൈലൻ, സജനമോൾ കൃഷി ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ സംസാരിച്ചു.

## പോഷകാഹാര വിതരണം നടത്തി

വനിതാ-ശിശു വികസന വകുപ്പിന് കീഴിലുള്ള കാസർകോട് ഐസിഡിഎസിലെ പോഷകാഹാര വാരാചരണം 2018 കാസർകോട് വ്യാപാരഭവൻ ഹാളിൽ ആചരിച്ചു. കാസർകോട് ശിശു വികസന പദ്ധതി ഓഫീസർ എൽ.ഞ്ജിനി സ്വാഗതമാശംസിച്ചു. ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ആയിഷ സഹദുള്ള ആധ്യക്ഷത വഹിച്ച യോഗം പ്രസ്ഡണ്ട് മുഹമ്മദ് കുഞ്ഞി ചായിന്റടി ഉദ്ഘാടനം ചെയ്തു. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എ.എസ് അഹമ്മദ്, മെമ്പർമാരായ സത്യശങ്കര ഭട്ട്, പ്രഭാശങ്കര, താഹിറ താജുദീൻ, ബി.ഡി.ഒ, ജോയ്ന്റ് ബി.ഡി.ഒ എന്നിവർ സംസാരിച്ചു. തുടർന്ന് മാറുന്ന ഭക്ഷണരീതിയും ജീവിതശൈലീരോഗങ്ങളും എന്നീ വിഷയത്തെ അടിസ്ഥാനമാക്കി സിപിസിആർഐ ചീഫ് ടെക്നിക്കൽ ഓഫീസർ നിലോഫർ ക്ലാസെടുത്തു. പഞ്ചായത്തുതല സമീകൃത ആഹാര മത്സരവിജയികളെ പങ്കെടുപ്പിച്ചു ബ്ലോക്ക് തല സമീകൃതാഹാര മത്സരം സംഘടിപ്പിച്ചു. പോഷകാഹാര വാരാചരണവുമായി ബന്ധപ്പെട്ട ചാർട്ടുകൾ, പോസ്റ്ററുകൾ എന്നിവയുടെ പ്രതർശനവും ഔഷധസസ്യങ്ങളുടെ പ്രദർശനവും ഉണ്ടായിരുന്നു. ഉച്ചതിരിഞ്ഞ് നടത്തിയ സമാപനസമ്മേളനത്തിൽ വിജയികളായ മത്സരാർത്ഥികൾക്ക് പ്രോഗ്രാം ഓഫീസിലെ സീനിയർ സൂപ്രണ്ട് ഉഷാകുമാരി സമ്മാനങ്ങൾ വിതരണം ചെയ്തു. അങ്കണവാടി ജീവനക്കാരുടെ തിരുവാതിര, സ്കിറ്റ് എന്നിവയുമുണ്ടായിരുന്നു. ഐസിഡിഎസ് ഓഫീസിലെ ജെ.എസ് പൗളി നന്ദി പറഞ്ഞു.

## ജില്ലാ തല ട്രെയ്നിംഗ് പരിപാടികൾക്ക് തുടക്കമായി

കാഞ്ഞങ്ങാട് ആരോഗ്യ വകുപ്പിന് കീഴിൽ നഴ്സിംഗ് സേവനം ശക്തിപ്പെടുത്തുന്നതിനായി വിവിധ സർക്കാർ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാർ , നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റന്റർ എന്നിവർക്കുള്ള പരിശീലന പരിപാടിക്ക് കാഞ്ഞങ്ങാട് നഴ്സിംഗ് സ്ക്കൂൾ ഓഡിറ്റോറിയത്തിൽ തുടക്കമായി.ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. രാമദാസ് ഉദ്ഘാടനം ചെയതു, പ്രിൻസിപ്പാൾ ടി.കെ.ഷൈബി അധ്യക്ഷയായി.ജില്ലാ നഴ്സിംഗ് ഓഫീസർ ലിസി മാത്യൂ, ട്രെയ്നിംഗിനെ കുറിച്ചുള്ള വിവരണം നൽകി, എൻഎച്ച്എം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.രാമൻ സ്വാതി വാമൻ സംസാരിച്ചു. നഴ്സിംഗ് ട്യൂട്ടർമാരായ മുഹമ്മദ് അൻവർ, വി.പി.എം. സ്വാഗതവും, ആർ.രാജേഷ് നന്ദിയും പറഞ്ഞു.

നവംബർ 1 മുതൽ ഡിസംബർ 8 വരെ എട്ട് ബാച്ചുകളായി - അണുബാധ നിയന്ത്രണം, ഹൃദയ ശ്വാസകോശ പുനരുജ്ജീവന പ്രക്രിയ, നൈപുണ്യവികസനം, തുടങ്ങിയ വിഷയങ്ങളിലുള്ള പരിശീലന പരിപാടികൾ നടക്കും.

ഫോട്ടോ: ട്രെയിനിംഗ:- ആരോഗ്യ വകുപ്പിൻെറ നേതൃത്വത്തിൽ നടന്ന പരിശീലനത്തിൽ ജില്ലാ പ്രോഗ്രാം മാനേജർ ഡോ.രാമൻ സ്വാതി വാമൻ വിഷയം അവതരിപ്പിക്കുന്നു

## കൂടിക്കാഴ്ച അഞ്ചിന്

ജില്ലാ ആരോഗ്യ ദൗത്യത്തിനു കീഴിൽ ദന്തൽ സർജൻ, ഡയറ്റിഷ്യൻ, ഡവലപ്മെന്റൽ തെറാപിസ്റ്റ് എന്ന തസ്തികകളിൽ കൂടിക്കാഴ്ച നവംബർ അഞ്ചിന് രാവിലെ 10 ന് കാഞ്ഞങ്ങാട് ആരോഗ്യദൗത്യം ജില്ലാ ഓഫീസിൽ നടത്തും. യോഗ്യരായ ഉദ്യോഗാർത്ഥികൾ ഹാജരാകണം. ഫോൺ.0467-2209466.

# ജില്ലാ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റിയാക്കൽ; കൂടിയാലോചന യോഗം നാളെ

ജില്ലാ പഞ്ചായത്തിന് കീഴിൽ കാഞ്ഞങ്ങാട് ചെമ്മട്ടംവയലിൽ പ്രവർത്തിച്ച് വരുന്ന ജില്ലാ ആശുപത്രിയെ സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തി കൊണ്ടു വരുന്നതിനുള്ള ദൗത്യത്തിന് ജില്ലാ പഞ്ചായത്ത് നേതൃത്വം നൽകാനൊരുങ്ങുന്നു. ജില്ലാ ആശുപത്രിയെ പൊതുജനാരോഗ്യ രംഗത്ത് മികവിന്റെ പര്യായമാക്കുകയെന്നെ ലക്ഷ്യം പൂർത്തീകരിക്കാൻ കൂട്ടായ ശ്രമങ്ങളിലൂടെ നമുക്ക് സാധിക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എജിസി ബഷീർ പറഞ്ഞു.

പൊതുജനങ്ങളുടേയും, സർക്കാർ, സർക്കാരിതര ഏജൻസികളുടേയും സഹായം നമുക്ക് ഇതിനായി തേടേണ്ടതുണ്ട്. നിലവിൽ ആശുപത്രിയിൽ പൊതുജനങ്ങൾക്ക് ലഭിച്ച് കൊണ്ടിരിക്കുന്ന സൗകര്യങ്ങൾക്ക് പുറമെ വിവിധ ചികിത്സാ വിഭാഗങ്ങളിലായി മികച്ച ചികിത്സാ സൗകര്യങ്ങളും, രോഗീപരിചരണവും സൂപ്പർ സ്പെഷ്യാലിറ്റിയിലൂടെ നമുക്ക് പൊതുജനങ്ങൾക്കായി ഏർപ്പെടുത്താൻ സാധിക്കണം. വിവിധ ചികിത്സാ വിഭാഗങ്ങളിലായി ഏറ്റവും മികച്ച സൗകര്യങ്ങൾ പൊതുജനങ്ങൾക്കായി ഒരുക്കുന്നതിനുള്ള ഒരു വിശദമായ മാസ്റ്റർപ്ലാൻ തയ്യാറാക്കപ്പെടേണ്ടതുണ്ട്. ജില്ലാ ആശുപത്രിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കൊണ്ടുള്ള പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടമെന്ന നിലയിൽ ഒരു പ്രാഥമിക കൂടിയാലോചന യോഗം കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി കോൺഫറൻസ് ഹാളിൽ നാളെ(നവംബർ 3) രാവിലെ 10.30 മണിക്ക് നടക്കും. മന്ത്രി ഇ.ചന്ദ്രശേഖരൻ യോഗത്തിൽ പങ്കെടുക്കും.

# 'ലേബർ രജിസ്ട്രേഷൻ പുതുക്കണം'

കാസർകോട്, മഞ്ചേശ്വരം താലൂക്കുകളിൽ പ്രവർത്തിക്കുന്ന കടകളും വാണിജ്യ സ്ഥാപനങ്ങളും 1960 ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവ അവയുടെ രജിസ്ട്രേഷൻ 2019 ലെക്ക് ഈ മാസം നവംബർ 30 നകം പുതുക്കേണ്ടതാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന അപേക്ഷകളിൽ നിശ്ചിത ഫീസിനോടൊപ്പം 25 ശതമാനം പിഴകുടി ഈടാക്കുന്നതായിരിക്കും. തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കടകളും വാണ്ജ്യ സ്ഥാപനങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്നും അപ്രകാരം ചെയ്യാത്ത സ്ഥാപന ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്നും കാസർകോട് അസി. ലേബർ ഓഫീസർ അറിയിച്ചു. ഓൺലൈൻ വഴിയാണ് രജിസ്റ്റർ ചെയ്യേണ്ടതും പുതുക്കേണ്ടതും. കുടുതൽ വിവര § Ä ¡ v04994 257850, 8547655762. www.lc.kerala.gov.in